പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2239 11.3.2020 -ൽ മറുപടിയ്ക്ക്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് കോഴ്സ്

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽസ് സ്റ്റഡീസിൽ (കിറ്റ്സ്) എം.ബി.എ. കോഴ്സിൽ പഠനം നടത്തുന്ന എസ്.സി/എസ്.ടി, ഒ.ബി.സി വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യത്തിന് അർഹതയുണ്ടോ എന്നറിയിക്കാമോ; | എ) | പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിന്റെയും വിനോദസഞ്ചാര വകുപ്പിന്റെയും വിവിധ ഉത്തരവുകൾ പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽസ് സ്റ്റഡീസിൽ (കിറ്റ്സ്) എം.ബി.എ. കോഴ്സിൽ പഠനം നടത്തുന്ന അർഹതപ്പെട്ട എസ്.സി/എസ്.ടി, ഒ.ബി.സി/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യത്തിന് അർഹതയുണ്ട്. |
| ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് നിലവിൽ നൽകാത്തത് എന്തുകൊണ്ടാണ്; | ബി) | ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ ഇ-ഗ്രാന്റ്സ് സോഫ്റ്റ് വെയർ മുഖേന പട്ടികജാതി വികസന ഓഫീസിലേക്ക് അയച്ചു കൊടുക്കുകയും വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ ടി ഓഫീസിൽ എത്തിക്കുകയും ചെയ്യാറുണ്ട്.ആനുകൂല്യം അനുവദിച്ച് നൽകേണ്ടത് പട്ടികജാതി വികസന വകുപ്പിൽ നിന്നുമാണ്.2018-19 വർഷത്തിൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുകയുണ്ടായി.2019-20 വർഷത്തിൽ കിറ്റ്സിൽ ലഭ്യമായ അപേക്ഷകൾ, ആയവ ലഭിച്ച മുറയ്ക്ക് പട്ടികജാതി വികസന വകുപ്പിന് സമർപ്പിക്കുകയുണ്ടായി.എന്നാൽ നാളിതു വരെ ഗ്രാന്റ് അനുവദിച്ച് നൽകിയില്ല. |
| സി) | എൻട്രൻസ് പരീക്ഷ പാസ്സായി കിറ്റ്സിൽ പ്രവേശനം നേടിയ നിർദ്ധനരായ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ | | കിറ്റ്സിൽ നടത്തുന്ന കോഴ്സുകൾ സ്വാശ്രയ അടിസ്ഥാനത്തിലുള്ളതാണ്.പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ എസ്.സി/എസ്.ടി. വിദ്യാർത്ഥികളും കേരള സർവ്വകലാശാല രജിസ്ട്രാറുടെ നിർദ്ദേശ |

| | | | |
|---|---|---|---|
| | കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ; | സി) യും ഡി) യും | പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹതയുള്ള ഒ.ഇ.സി/തത്തുല്യ വിഭാഗം വിദ്യാർത്ഥികളും ഒഴികെ മറ്റ് അർഹതപ്പെട്ട വിഭാഗക്കാരിൽ നിന്നും ഫീസ് സ്വീകരിക്കുകയും ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് ഫീസ് തിരികെ നൽകുകയുമാണ് ചെയ്ത് വരുന്നത്. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ഗ്രാന്റ് ലഭിച്ചാൽ മാത്രമേ അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളെയും ഫീസ് ഈടാക്കുന്നതിൽ നിന്നുമൊഴിവാക്കുന്നതിന് സാധിക്കുകയുള്ളൂ. മേൽപ്പരാമർശിച്ച ഫീസ് ആനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികളൊഴിച്ച് മറ്റ് വിഭാഗക്കാർ ഫീസ് അടയ്ക്കേണ്ടതാണ്.സ്വാശ്രയ അടിസ്ഥാനത്തിൽ കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനമെന്ന നിലയിൽ വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന ഫീസാണ് കിറ്റ്സിന്റെ പ്രധാന വരുമാന മാർഗ്ഗം. ഫീസ് അടയ്ക്കേണ്ടതായ വിദ്യാർത്ഥികളെ ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. |
| ഡി) | ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുമെന്ന് കിറ്റ്സിൽ നിന്നും ഉറപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നത് ഒഴിവാക്കാമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ